യഥാസമയം വിതരണം ചെയ്യുവാൻ കെ.എസ്.ഡി.പി. ക്ക് കഴിഞ്ഞവർഷങ്ങളിൽ സാധിച്ചിട്ടില്ല. ഇതുമൂലം മരുന്നു വിതരണത്തിൽ തകരാറു സംഭവിക്കുകയും ആരോഗ്യ പരിപാലനരംഗത്ത് പ്രതിസന്ധിയുണ്ടാകുകയും ചെയ്യാനിടയാക്കുന്നു.

(ഡി) ഇപ്രകാരം ഒരു സ്ഥിതിവിശേഷം ഉണ്ടായിട്ടില്ല. 1999-2000 വർഷത്തിലേയ്ക്ക് ആവശ്യമായ മരുന്നുകളുടെ ഓർഡർ കെ.എസ്.ഡി.പി.ക്ക് നൽകിയതിൽ മരുന്നു നൽകേണ്ട കാലാവധി കഴിഞ്ഞിട്ടും കെ.എസ്.ഡി.പി. ഇതുവരെ സപ്ലൈ നടത്തിയിട്ടില്ല. മാത്രമല്ല അടുത്തവർഷം മുതൽ വെറും 25 ഇനങ്ങൾക്ക് മാത്രമേ സപ്ലൈ ചെയ്യുവാൻ കഴിയുകയുള്ളുവെന്ന് കെ.എസ്. ഡി.പി. അറിയിച്ചിരിക്കുകയുമാണ്.

സംസ്ഥാനത്തെ വ്യാജ ഔഷധവിതരണം തടയാൻ നടപടി

104 (153) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ഗവൺമെന്റ് ആശുപത്രികളിൽ സൗജന്യ വിതരണത്തിന് വാങ്ങുന്ന ജീവൻരക്ഷാ ഔഷധങ്ങൾ വ്യാപകമായി വിറ്റഴിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) ആരോഗ്യവകുപ്പിന് ആവശ്യമായ മരുന്നുകൾ കേരളാ ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കലിൽ നിന്ന് വാങ്ങണമെന്ന നിർദ്ദേശം വകുപ്പ് അധികൃതർ പാലിക്കുന്നുണ്ടോ;

(ഡി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലേക്കും ഗവൺമെന്റ് ആശുപത്രികളിലേക്കും ഔഷധങ്ങൾ സെൻട്രൽ പർച്ചേസ് കമ്മിറ്റി ചട്ടപ്രകാരം വാങ്ങാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ)&(ബി) വ്യാപകമായി വിറ്റഴിക്കപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉണ്ട്. കെ.എസ്.ഡി.പി.യിൽ ലഭ്യമായ മരുന്നുകൾ അവിടെ നിന്നുമാണ് വാങ്ങിവരുന്നത്. എന്നാൽ ഓരോ വർഷവും ആരോഗ്യവകുപ്പിന് ആവശ്യമായ മരുന്നുകൾ കെ.എസ്.ഡി.പി. ക്ക് സപ്ലൈ ചെയ്യുവാൻ കഴിയാതെ വരുന്ന സാഹചര്യമാണ് നിലവിലുള്ളത്.

(ഡി) അങ്ങനെയാണ് വാങ്ങിക്കൊണ്ടിരിക്കുന്നത്.

ന്യായവില മെഡിക്കൽ സ്റ്റോറുകൾ

105 (154) ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ആശുപത്രികളിലാണ് ഇപ്പോൾ ന്യായവില മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly